വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം

125 (1924) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം സാധാരണഗതിയിൽ എത്രയായിരിക്കണമെന്നാണ് നിജപ്പെടുത്തിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ വനങ്ങളിലുള്ള ആനകളുടെയിടയിൽ ഈ അനുപാതം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള കാരണമെന്ത് ;

(ഡി) കൊമ്പനാനകളുടെ എണ്ണം കുറയുന്ന പക്ഷം ആനകളുടെ പ്രജനന നിരക്ക് കുറയുവാനിടയുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം സാധാരണഗതിയിൽ 1:2 മുതൽ 1:5 വരെയാണ്.

(ബി) ഉണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) കൊമ്പനാനകളുടെ എണ്ണം കുറയുന്ന പക്ഷം ആനകളുടെ പ്രജനന നിരക്ക് കുറയുവാനിടയുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

വനങ്ങളിൽ കണ്ടെത്തുന്ന ആനകളുടെ ജഡങ്ങൾ

126 (1925) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ ആനകളുടെ ജഡം നിരന്തരം കാണപ്പെടാറുണ്ടോ ;

(ബി) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കണ്ടെത്തിയ ജഡങ്ങളുടെ പരിശോധനയിൽ നിന്നും അവ കൊല്ലപ്പെടുകയാണോ അതോ സ്വാഭാവികമായി ചരിഞ്ഞതാണോ എന്ന് തെളിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly